exam WINNER®

A



# വാർഷിക മൂല്യനിർണയം 2022–23

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 9

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- ആദ്യ പതിനഞ്ചു മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(4x1= 4)**

1. " വേനൽ ചുഴന്നൂതിയൂതിയതിൻ നിക്ഷേപമോരോന്നും
   മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ "

   (അതേ പ്രാർഥന)

   ഇവിടെ മാണിക്യരത്നങ്ങൾ എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്?
   - പൂക്കളെ
   - തേന്മാവിനെ
   - മാമ്പഴത്തെ
   - കിളികളെ

2. "അദ്ദേഹത്തിന്റെ <u>സ്വാതന്ത്ര്യദാഹം</u> സ്വരാജ്യത്തിൽ ഒതുങ്ങിനിന്ന ദേശീയത്വമായിരുന്നില്ല."
   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?
   - സ്വാതന്ത്ര്യത്തിനായുള്ള ദാഹം
   - സ്വാതന്ത്ര്യവും ദാഹവും
   - സ്വാതന്ത്ര്യത്താലുള്ള ദാഹം
   - സ്വാതന്ത്ര്യത്തിന്റെ ദാഹം

3. "ഇന്ത്യക്കാരും ബ്രിട്ടീഷുകാരും അതിലൊരിടത്തുമുണ്ടായിരുന്നില്ല;
   ഭൗമോപരിതലത്തിലെ മഹാജീവജാലങ്ങൾ മാത്രം".

   (ഹരിതമോഹനം)

   അരവിന്ദാക്ഷന്റെ ഈ ആലോചനകളിൽ തെളിയുന്ന ലോകവീക്ഷണം കണ്ടെത്തിയെഴുതുക.
   - ഇന്ത്യ മാത്രമാണ് ലോകത്തിന്റെ കേന്ദ്രം.
   - സർവജീവജാലങ്ങളും ഒരുമയോടെ ജീവിക്കണം.
   - ബ്രിട്ടീഷുകാരും ഇന്ത്യക്കാരും ഒരുമിച്ചു ജീവിക്കണം.
   - ഭൂമിയുടെ അവകാശികൾ മനുഷ്യർ മാത്രമാണ്.

4. "ഇത്രയും ഹൃദയഹാരിയായ കാഴ്ച ഗഗനസഞ്ചാരികളായ മാലാഖമാർ മാത്രമേ കണ്ടിട്ടുണ്ടാവുക യുള്ളൂ." (വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം)

ഗഗനസഞ്ചാരികൾ എന്ന വാക്കിന്റെ അർഥം എന്ത്?

- കടൽയാത്രികർ
- മാന്ത്രികർ
- ആകാശയാത്രികർ
- സാഹസികർ

5. ശരിയായി പിരിച്ചെഴുതിയത് ഏത്?

- കേരളക്കര = കേരള + ക്കര
- പിന്നിലെയനന്തത = പിന്നിലെ + യനന്തത
- ഓർമ്മകളൊന്നും = ഓർമ്മ + ഒന്നും
- മിഴിയിണ = മിഴി + ഇണ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(2x2=4)**

6. • "എവിടെയാ അച്ഛൻ സോയിൽ സൂക്ഷിച്ചിരിക്കുന്നത്?"
• "അച്ഛനെങ്ങനെയാ ട്രീയൊക്കെ പിക്ക് ചെയ്തത്?"

(ഹരിതമോഹനം)

ഭാഷാപ്രയോഗത്തിൽ വന്നിട്ടുള്ള എന്തെല്ലാം മാറ്റങ്ങളാണ് ഈ സംഭാഷണങ്ങളിൽനിന്നു വ്യക്തമാവുന്നത്?

7. **അർഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കുക.**
യൂറോപ്പിനെ കിടിലംകൊള്ളിച്ച മഹാപരിവർത്തനത്തിന്റെ അലകൾ ഭാരതത്തിന്റെ സംസ്കാര കേന്ദ്രങ്ങളിലും ആഞ്ഞടിക്കാതിരുന്നില്ല.

8. "എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ! "

(സഫലമീയാത്ര)

ഈ വരികളിൽ തെളിയുന്ന ജീവിതദർശനം കണ്ടെത്തിയെഴുതുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5x4=20)**

9. • "ശങ്കരൻകുട്ടി കൗതുകപൂർവം താഴെ തൊട്ടിലിലേക്കു നോക്കി നിന്നു. അയാളുടെ മുഖത്ത് ഒരു ചെറുചിരി വിടർന്നു."
• "വെള്ളത്തിൽ നിന്ന കുട്ടിയെ ഓടിച്ചെന്നു കൈയിലെടുത്തുയർത്തി അവന്റെ തള്ളയ്ക്കടുത്തു കൊണ്ടുചെന്നു വിട്ട് അയാൾ അവരോടു കയർത്തു:
"കണ്ണൊണ്ടോ നിങ്ങടെ മൊഖത്ത്?" (കൊടിയേറ്റം)

തിരക്കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് ശങ്കരൻകുട്ടിയുടെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

exam WiNNER®

10. "മനുഷ്യൻ ക്രോധത്തെ കാരുണ്യംകൊണ്ടും തിന്മയെ നന്മകൊണ്ടും ജയിക്കട്ടെ."

(ബുദ്ധന്റെ ഉപദേശം)

മുകളിൽ കൊടുത്ത ബുദ്ധസന്ദേശം എല്ലാ കാലത്തും പ്രസക്തമാണോ? സ്വാഭിപ്രായം സമർഥിക്കുക.

11. "വരിക സഖി, യരികത്തു ചേർന്നു നിൽക്കൂ;
പഴയൊരു മന്ത്രം സ്മരിക്ക, നാമന്യോന്യ-
മൂന്നുവടികളായ് നിൽക്കാം;
ഹാ! സഫലമീയാത്ര."

(സഫലമീയാത്ര)

ജീവിതയാത്ര സഫലമാണെന്ന് കവി പറയുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാവാം? കവിതയിലെ മറ്റു വരികൾകൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

12. • "സ്വാതന്ത്ര്യം തന്നെയമൃതം;
സ്വാതന്ത്ര്യം തന്നെ ജീവിതം;
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം "

• "വെട്ടിമുറിക്കുക കാൽച്ചങ്ങല, വിഭോ
പൊട്ടിച്ചെറിയുകിക്കൈവിലങ്ങും"

(കുമാരനാശാൻ)

മുകളിൽ നൽകിയ വരികൾ വിശകലനം ചെയ്ത് കുമാരനാശാന്റെ സ്വാതന്ത്ര്യസങ്കൽപ്പത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

13. "ആ രാത്രി മുഴുവൻ അയാൾ ആനയും ആടും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഗാഢമായി ചിന്തിച്ചു. എന്നാൽ, ഏതു മൃഗത്തിനാണ് മേന്മയെന്നു തീർപ്പു കല്പിക്കാനായില്ല. "

(അജഗജാന്തരം)

കറുപ്പ്-വെളുപ്പ്, വലുത്-ചെറുത് തുടങ്ങിയ വ്യത്യാസങ്ങൾ മികവിന്റെ മാനദണ്ഡങ്ങൾ ആകേണ്ടതുണ്ടോ? കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

14. • "മകൻ അകന്നകന്നു പോകുമ്പോൾ നെഞ്ചിൽനിന്ന് എന്തോ ഒന്നു വലിച്ചുചീന്തിയെടുക്കും പോലെ തോന്നുന്നു.."

• "രണ്ടോ മൂന്നോ കണ്ണീർക്കണങ്ങൾ ആ പടിക്കാൽ പിടിച്ച കൈപ്പടത്തിന്മേൽ ഇറ്റിറ്റു വീണു. അവയ്ക്ക് തീത്തൈലത്തിന്റെ ചൂടുണ്ടായിരിക്കണം."

(വെളിച്ചത്തിന്റെ വിരലുകൾ)

മരക്കാർ പടിയിറങ്ങുമ്പോഴുള്ള മായന്റെ മാനസികാവസ്ഥ അവതരിപ്പിക്കാൻ മുകളിൽ കൊടുത്തിട്ടുള്ള സന്ദർഭങ്ങൾ പര്യാപ്തമാണോ? പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. (2x6=12)

15. • "മാറ്റുവിൻ ചട്ടങ്ങളെ സ്വയ, മല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ "

(കുമാരനാശാൻ)

• "എല്ലാ നാടുകളിലേക്കും ചെല്ലുക, ഈ സുവിശേഷം പ്രസംഗിക്കുക. ദരിദ്രരും എളിയവരും പണക്കാരും മേലാളരും എല്ലാം ഒന്നാണെന്നും സമുദ്രത്തിൽ നദികളെന്നപോലെ ഈ മതത്തിൽ എല്ലാ ജാതികളും ഒന്നിച്ചുചേരുന്നുവെന്നും അവരോടു പറയുക."

(ശ്രീബുദ്ധൻ)

മുകളിൽ നൽകിയിട്ടുള്ള സൂചനകളും സമകാലികസംഭവങ്ങളും പരിഗണിച്ച് 'സമത്വത്തിനായി പോരാടാം' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

16. "എന്തു നിൻ മിഴിയിണ തുളുമ്പിയെന്നോ, സഖീ,
ചന്തം നിറയ്ക്കുകീ ശിഷ്ടദിനങ്ങളിൽ.
മിഴിനീർച്ചവർപ്പുപെടാതീ മധുപാത്ര-
മടിയോളം മോന്തുക..."

(സഫലമീയാത്ര)

• "ഇങ്ങളാ ഇക്ക് ഉയിര് തന്നത്! "
• "ഇക്ക് ഒന്നും ഇല്ല. ഉയിരേ ഉള്ളൂ. അത് ഞാൻ ഇങ്ങക്ക് തന്ന്."

(വെളിച്ചത്തിന്റെ വിരലുകൾ)

മുകളിൽ നൽകിയ പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് 'മാനവികതയും അതിജീവനവും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

17. പ്രമേയം, പ്രയോഗഭംഗി തുടങ്ങിയവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**ഈ യാത്രയെനിക്കിഷ്ടം!**

നടന്നും, നടന്നേറെത്തളർന്നും, തളർന്നു തെ-
ല്ലിരുന്നും, ഇരുന്നിളവേൽക്കവേയൊരു സ്വപ്നം
നുണഞ്ഞും, ഒരു കിളിയൊച്ച കേട്ടുണർന്നും, വീ
ണുടഞ്ഞ മയക്കത്തിൻ വർണ്ണപ്പൊട്ടുകൾ വാരി-
യെറിഞ്ഞും, സുഖദുഃഖപുണ്യപാപങ്ങൾ നീളെ
വിരിഞ്ഞുനിൽക്കും നീണ്ട വഴികൾ പദങ്ങളാ-
ലളന്നും, നിശ്വാസാർദ്രദലങ്ങൾ വിടർന്നു ഞെ-
ട്ടടർന്നും, എന്തോ തേടിത്തേടാതെ, യെന്തോ നേടി,
നേടാതെ, യെന്തോ കണ്ടു, കാണാതെ,യെന്തോ പാടി,-
പ്പാടാതെ നടന്നുപോമീയാത്രയെനിക്കിഷ്ടം !

(ഒ.എൻ.വി.)

| |
|---|
| ഇളവേൽക്കുക - വിശ്രമിക്കുക |
| ദലങ്ങൾ - ഇതളുകൾ |